

# ഹൈക്കു കവിതകൾ

ജലീൽ അരീപ്പുറത്ത്

## ബലിച്ചോറ്

കാക്കകളെല്ലാം
ചത്തതറിയാതെ
ബലിച്ചോറുമായി മകൻ

## ഭരണം

മരം മുഴുക്കെ വിഴുങ്ങി കഴിഞ്ഞാണ്
വെട്ടിക്കിടത്താൻ
ഇലയില്ലെന്നോർത്തത്..

## തിരിച്ചറിവ്

കണ്ണിൽ പോയത്
കരടെന്ന് കരുതി
അല്ല, കണ്ണായിരുന്നു.

അബ്ദുല്ല പേരാമ്പ്ര

## ഒന്ന്

നെരിപ്പോടിനു ചുറ്റിലും
പറന്നു നടക്കും ഇയ്യാംപാറ്റകൾ
ഒരിക്കലെങ്കിലും
വിരുന്നുപോയിട്ടുണ്ടാവുമോ
മഴക്കുമിളകളുടെ വീട്ടിൽ

## ര ്

നൃത്തമറിയാത്തൊരാളെ
നഗരത്തിരക്കിലേക്കിറക്കൂ
നൃത്തം പഠിച്ചയാൾവരും
നിവൃത്തികേടിനാൽ നിശ്ചയം.

Vol. No: 70 Issue No. 24 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla